**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 351** **08-06-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. വിഹിതം കേന്ദ്രം സമയബന്ധിതമായി അനുവദിക്കാത്തത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ലഭിയ്ക്കേണ്ട, സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം യഥാസമയം കേന്ദ്ര സർക്കാർ അനുവദിയ്ക്കാത്തത് ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി സ്ഥിതി ഈ സാമ്പത്തിക വർഷവും തുടരുന്നുവെന്നതൊരു വസ്തുതയാണ്. തത്ഫലമായി ടി പ്രതിസന്ധി പരിഹരിയ്ക്കുന്നതിനായി കടമെടുക്കേണ്ടി വരുന്നതിനാൽ പലിശ ഇനത്തിൽ അധിക ബാധ്യതയും ഉണ്ടാകുന്നു. ഈ പ്രതിസന്ധി ഘട്ടത്തിലും സർക്കാരിന്റെ ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികളുടെയും ധനദൃഢീകരണ പ്രവർത്തനങ്ങളുടെയും ഫലമായി വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര കോടി രൂപയുടെ ജി.എസ്.ടി. കുടിശ്ശികയാണ് കേന്ദ്രം നൽകുവാനുള്ളത്; അത് എത്ര മാസത്തെ കുടിശ്ശികയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുക സംബന്ധിച്ച വിവരങ്ങൾ, 2020-21 സാമ്പത്തിക വർഷം കേരളത്തിന്റെ ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, വാറ്റ് കളക്ഷൻ, അഡ്ഹോക്ക് ആയി ലഭിച്ച ഐ.ജി.എസ്.ടി. തുക) എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുക ആണ് നഷ്ടപരിഹാര Cess വഴി ലഭിച്ചത്. ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല. ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള നഷ്ടപരിഹാര തുക |

| | | | |
|---|---|---|---|
| | | | 04-06-2020-നും മാർച്ച് 2020-ലെ നഷ്ടപരിഹാര തുക 23-07-2020-നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020-21 സാമ്പത്തിക വർഷം ഇതുവരെ Special Window Facility-യിലൂടെയുള്ള വായ്പയിനത്തിൽ 5766 കോടി രൂപയും കോമ്പൻസേഷൻ സെസ്സ് ഇനത്തിൽ 3207.41 കോടി രൂപയും ഉൾപ്പെടെ ആകെ 8973.41 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുക ലഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ബാക്കി 4014.45 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുകയായി ലഭിക്കുവാനുണ്ട്. |
| (സി) | 2020-21ൽ ജി.എസ്.ടി. വിഹിതമായി കേന്ദ്രം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചത്; | (സി) | ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് നിലവിൽ കുടിശ്ശിക ഒന്നും ലഭിക്കുവാനില്ല. 2020-21 സാമ്പത്തിക വർഷം കേരളത്തിന്റെ ജി.എസ്.ടി. വിഹിതം (ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി. അഡ്ഹോക്ക് സെറ്റിൽമെന്റ്, കോമ്പൻസേഷൻ ആയി ലഭിച്ച തുക) താഴെ ചേർക്കുന്നു. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് - 9343.07 കോടി അഡ്ഹോക്ക് സെറ്റിൽമെന്റ് - 1596.11 കോടി ലഭിച്ച കോമ്പൻസേഷൻ – 8973.41 കോടി (3207.41 കോടി + 5766 കോടി) 2020-21 സാമ്പത്തിക വർഷം ബാക്കി 4014.45 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുകയായി ലഭിക്കുവാനുണ്ട്. |
| (ഡി) | അർഹതപ്പെട്ട നികുതി വിഹിതം സമയബന്ധിതമായി ലഭിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കോവിഡ് മഹാമാരി കാരണം കോമ്പൻസേഷൻ സെസ്സ് വരുമാനത്തിൽ കുറവ് ഉണ്ടാവുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരികയും ചെയ്തു. ഇത് 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി. നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് (Special Window Facility-യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 43-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളും ബാക്കി നൽകുവാനുള്ള നഷ്ടപരിഹാര തുക നിലവിലെ സാമ്പത്തിക സ്ഥിതി |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് എത്രയും വേഗം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

### 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുക

| **Year** | **Protected Revenue (Cr.)** | **Total Collection (Cr.)** | **Ad-hoc Settlement (Cr.)** | **Compensation Received (Cr.)** |
|---|---:|---:|---:|---:|
| 2017-18 | 16398 | 13502.68 | 736 | 2102 |
| 2018-19 | 24924 | 18631.85 | 2734.36 | 3532 |
| 2019-20 | 28416 | 19622.88 | 693.52 | 8111 |

### 2020-21 സാമ്പത്തിക വർഷം കേരളത്തിന്റെ ജി.എസ്.ടി. കളക്ഷൻ

| **Protected Revenue FY 2020-21 (Cr.)** | **Total Collection (SGST + IGST settlement + VAT) (Cr.)** | **IGST Ad-hoc (Cr.)** | **Recovery (Cr.)** | **Compensation Receivable (Cr.)** |
|---|---|---|---|---|
| 1 | 2 | 3 | 4 | 5<br>1-(2+3-4) |
| 32400 | 17962.4 | 1596.11 | 146.36 | 12987.86 |